പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്ന മിട്ട
ചോദ്യം നമ്പർ: 62

28.9.2011 ൽ മറുപടിയ്ക്ക്

വ്യാജ മരുന്ന് വിൽപ്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ജി.എസ്. ജയലാൽ | ശ്രീ അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജ മരുന്നുകൾ യഥേഷ്ടം വിറ്റഴിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്ര ദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അപൂർവ്വം ചില കേസുകൾ ശ്ര ദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഈ വർഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുകയും ഇവ വിശദമായി പരിശോധിച്ച് അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ഒരു പരാതി ലഭിച്ചു. പ്രസ്തുത പരാതി അടിസ്ഥാനരഹിതമാണെന്ന് അന്വേഷണ ത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വ്യാജ മരുന്നുകളുടെ വില്പന തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കു ന്നുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) സംസ്ഥാനത്ത് വില്പന നടത്തുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്ന തിന് മരുന്ന നിർമ്മാണശാലകൾ, വില്പനശാലകൾ എന്നിവിടങ്ങളിൽ നിന്നും മരുന്ന സാമ്പിളുകൾ ശേഖരിച്ച് ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ പരിശോധി ക്കുകയും വ്യാജ മരുന്നുകൾ, അഡൾട്ടറേറ്റഡ് മരുന്നുകൾ, ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ എന്നിവ വില്പന നടത്തുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോ ൾ വകുപ്പിലെ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ